**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *270** **10.03.2017 -ൽ**
**മറുപടിക്ക്**

## കാസർഗോഡ്-കഴക്കൂട്ടം ദേശീയപാത വികസനം

**ചോദ്യം**

**ശ്രീ. ബി. സത്യൻ**
**,, ഇ.പി.ജയരാജൻ**
**,, എം. രാജഗോപാലൻ**
**,, കെ.ജെ. മാക്സി**

(എ) കാസർഗോഡ് മുതൽ കഴക്കൂട്ടം വരെ ദേശീയ പാത നാൽപ്പത്തിയഞ്ച് മീറ്റർ വീതിയിൽ വികസിപ്പിക്കാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പാതയുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ;

**ഉത്തരം**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

(എ) & (ബി) കാസർഗോഡ് മുതൽ കഴക്കൂട്ടം വരെ ദേശീയ പാത 45 മീറ്റർ റൈറ്റ് ഓഫ് വേ (RoW) യിൽ സർവ്വീസ് റോഡോട്ട കൂടി 4 വരിയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ NHDP Phase III ൽ ഉൾപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിനായുള്ള പുതുക്കിയ വിശദമായ പദ്ധതി രൂപ രേഖ M/s AECOM, M/s FEEDBACK, M/s SMEC India Pvt Ltd എന്നീ കൺസൾട്ടൻസി കമ്പനികൾ മുഖാന്തിരം പുരോഗമിച്ച വരുന്നു. പദ്ധതിയുടെ അലൈൻമെന്റിന് പൊതുവായുള്ള അംഗീകാരം (മലപ്പുറം-തൃശ്ശൂർ-എറണാകുളം സ്ട്രെച്ച് ഒഴികെ) സംസ്ഥാന തലത്തിൽ നൽകിയിട്ടുണ്ട്. ഇതിൽ കാസർഗോഡ് ജില്ലയിൽപ്പെടുന്ന ദേശീയപാത സർവ്വീസ് റോഡോട്ട കൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുന്നതിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഹെഡ്ക്വാർട്ടേഴ്സിൽ അനുമതിയ്ക്കായി സമർപ്പിച്ച കഴിഞ്ഞു. കണ്ണൂർ ജില്ലയിലെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി അവസാനഘട്ടത്തിലാണ്. ഉടൻ തന്നെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഹെഡ്ക്വാർട്ടേഴ്സിൽ സമർപ്പിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ നന്ദി - ചെങ്ങോട്ടുകാവ് ബൈപ്പാസ് ഒഴികെയുള്ള ഭാഗം സർവ്വേ നടപടികൾ അവസാനഘട്ടത്തിലാണ്. കാസർഗോഡ് പാക്കേജിന്റേയും കോഴിക്കോട് ബൈപ്പാസ് എന്നിവയുടേയും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും ബിഡ് ഡോക്കുമെന്റ്സും നാഷണൽ ഹൈവേ അതോറിറ്റിയ്ക്ക് സമർപ്പിച്ച കഴിഞ്ഞു. തലശ്ശേരി - മാഹി ബൈപ്പാസിന്റെ

ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്. നേരത്തേ എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ് കോൺട്രാക്ട് (EPC) നിബന്ധനയിൽ ഉൾപ്പെടുത്തിയിരുന്ന കേരളത്തിന്റെ നാഷണൽ ഹൈവേ പ്രോജക്ട് പുതിയ തീരുമാന പ്രകാരം ഹൈബ്രിഡ് ആന്വിറ്റി രീതിയിൽ തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്. 1000 കോടിയ്ക്ക് മുകളിൽ വരുന്ന പ്രോജക്ടുകളായതിനാൽ കേന്ദ്ര മന്ത്രിസഭയുടെ തീരുമാന പ്രകാരം മാത്രമേ പ്രവൃത്തികൾ അവാർഡ് ചെയ്യാൻ കഴിയുകയുള്ളൂ. ആയതിനാലാണ് നേരത്തേ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചതിൽ നിന്നും വ്യത്യസ്തമായി അല്പം കാലതാമസം നേരിടുന്നത്. മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ സർവ്വേ നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതനുസരിച്ചുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഹെഡ്ക്വാർട്ടേഴ്സ് മുഖേന കേന്ദ്രമന്ത്രാലയത്തിന് അനുമതിയ്ക്ക് സമർപ്പിക്കുന്നതാണ്.

(സി) ദേശീയ പാത വികസനത്തിന്റെ ഫലമായി എത്ര പേർക്ക് വീടും സ്ഥലവും നഷ്ടപ്പെട്ടുമെന്ന് കണക്കാക്കിയിട്ടുണ്ടോ; നീതിയുക്തമായ നഷ്ടപരിഹാരം നൽകി ഇവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) തൊഴിലും ജീവനോപാധിയും നഷ്ടപ്പെടുന്ന വരെ പുനരധിവസിപ്പിക്കാൻ പാക്കേജിന്റെ ഭാഗമായി നടപടിയുണ്ടാകുമോ?

(സി) & (ഡി) ദേശീയപാതാ വികസനത്തിന്റെ ഫലമായി എത്ര പേർക്ക് വീടും സ്ഥലവും നഷ്ടപ്പെടുമെന്ന കണക്ക് അന്തിമ പദ്ധതി രൂപരേഖ പൂർത്തിയാക്കിയാൽ മാത്രമേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. ദേശീയപാതാ വികസനത്തിന്റെ ഭാഗമായി വീട്, സ്ഥലം, തൊഴിൽ ജീവനോപാധി എന്നിവ നഷ്ടപ്പെടുന്നവർക്ക് 2013 ലെ RFCTLARR Act ലും കേരള സർക്കാർ രൂപീകരിച്ച ഭൂമി ഏറ്റെടുക്കൽ ചട്ടങ്ങൾ 2015 ലും ദേശീയപാത നിയമം 1956 ലും പ്രതിപാദിച്ചിട്ടുള്ള തരത്തിൽ നീതിയുക്തമായ നഷ്ടപരിഹാരവും പുനരധിവാസവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ